# താജ്മഹൽ

താജിൻറെ സൗന്ദര്യത്തിൻ
മാന്ത്രികക്കഴങ്ങളിൽ
ഷാജഹാൻമുംതാസ്പ്രേമാ-
ഗാധതയളന്നോരെ!

മാപിനിക്കൊപ്പം നിങ്ങൾ
താഴുമ്പോളാഴങ്ങളിൽ
കണ്ടുവോ നിണം വാർന്ന-
ശില്പിതൻ കരച്ഛേദം!

ചാട്ടവാർ തിണർപ്പുകൾ
ചുമന്ന വെണ്ണക്കല്ലു
ചുവരിൽ കാതോർക്കുമ്പോൾ
കേട്ടതാരുടെ വിങ്ങൽ!

മിഴിനീർ പ്രവാഹങ്ങ-
ളൊഴുകും യമുനയിൽ
കണ്ടതേതസൗന്ദര്യ-
പ്രതിബിംബത്തെ നിങ്ങൾ!

*downloaded from www.abdulgafoor.com*